കോഴിക്കോട്	–	14322
വയനാട്	–	13285
കണ്ണൂർ	–	15695
കാസർഗോഡ്	–	5150

(ഡി) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും ക്ഷീരകർഷകർക്ക് പ്രതിമാസം നൽകിവരുന്ന ക്ഷീരകർഷക പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയും, കുടുംബ പെൻഷൻ 150 രൂപയിൽ നിന്നും 200 രൂപയും ആക്കി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

"പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം"

75 (2553) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോൽപ്പാദനം നടത്തുന്നതിലേക്കായി എന്തെല്ലാം പദ്ധതികൾ ആണ് ഈ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 20 പശു യൂണിറ്റ്, 30 കിടാരികൾ നൽകുന്ന ഹീഫർ യൂണിറ്റ്, ഹൈടെക് ഡയറി ഫാമുകൾ എന്നിവ വാണിജ്യാടിസ്ഥാനത്തിൽ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) ഓണക്കാലത്ത് ക്ഷീരവികസന വകുപ്പ് ചെക്ക് പോസ്റ്റുകളിൽ താത്ക്കാലിക ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ച് അന്യ സംസ്ഥാനത്തു നിന്നും വരുന്ന പാലിന്റെ ഗുണനിലവാര പരിശോധന നടത്തുന്നു. ടാങ്കറുകളിൽ കൊണ്ടുവരുന്ന പാൽ ഡയറികളിൽ എത്തിച്ച് സംസ്കരണം നടത്തി പാക്കറ്റുകളിലാക്കിയാണ് വിപണനം നടത്തുന്നത്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസർമ്മാർ മാർക്കറ്റിൽ ലഭ്യമായ എല്ലാ പാൽ ബ്രാൻഡുകളും പരിശോധിക്കുകയും ഗുണനിലവാരം കുറഞ്ഞ പാലിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് എം.എം.പി.ഒ. ലാബിൽ പരിശോധിച്ച് കർശന നടപടി സ്വീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തുന്നതിന് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ഉൾപ്പെട്ടിട്ടുള്ള മിൽക്ക് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ ബ്രാൻഡുകൾക്ക് നോട്ടീസ് നൽകി ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. കേരളത്തിനകത്തുള്ള ഇത്തരം ഡയറികൾ സന്ദർശിച്ച് പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. സ്ഥിരമായി ഗുണനിലവാരം കുറഞ്ഞതോ/മായം കലർന്നതോ ആയ പാൽ കണ്ടെത്തിയാൽ സ്റ്റേറ്റ് രജിസ്ട്രേഷൻ അതോറിറ്റി ആയ ക്ഷീര വികസന വകുപ്പ് ഡയറക്ടർ നിരോധനം ഏർപ്പെടുത്തുകയും ചെയ്യുന്നു.

മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നത് കർശന ഗുണനിലവാര നിയന്ത്രണ ശേഷമാണ്. മിൽമയുടെ ഡയറികളിൽ പൂർണ്ണശേഷിയുള്ള ആധുനിക ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനുപുറമേ മിൽമയുടെ ഗുണനിലവാര നിയന്ത്രണ ഉദ്യോഗസ്ഥർ അയൽ സംസ്ഥാനങ്ങളിലെ ഡയറികളിൽ പോയി ഇടക്കിടെ പരിശോധന നടത്താറുമുണ്ട്. മിൽമയിൽ ഇന്ന് നിലവിലുള്ള ഈ സംവിധാനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമായി ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

കൂടാതെ ഫുഡ് സേഫ്റ്റി കമ്മീഷണറും പാൽ സാമ്പിളുകൾ പരിശോധിച്ച് മായം ചേർക്കലിനെതിരെ മായം ചേർക്കൽ നിരോധന നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമുകൾ

76 (2554) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് കോഴി, താറാവ്, പശു, ആട്, മുയൽ ഫാമുകൾ പ്രവർത്തിച്ചുവരുന്നത് ; പ്രസ്തുത ഫാമുകളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് സർക്കാർ ഉടമസ്ഥതയിൽ ആട്, കോഴി, കന്നുകാലി എന്നിവയുടെ ഫാമുകൾ തുടങ്ങുന്ന കാര്യം പരിശോധിക്കുമോ ; ഫാമുകൾ തുടങ്ങുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly